# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2764      10/12/2014 -ൽ മറുപടിക്ക്

## കീരമ്പാറ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.യു.കുരുവിള | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കോതമംഗലം കീരമ്പാറ കുടിവെള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) കീരമ്പാറ കുടിവെള്ള പദ്ധതിക്ക് 1400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായ ജലശുദ്ധീകരണശാല പണിയുന്നതിനാവശ്യമായ സ്ഥലം സംബന്ധിച്ച പ്രശ്നം തീർപ്പാക്കാത്തതിനാൽ സാങ്കേതികാനുമതി നൽകാൻ സാധിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാകുന്നതിന് എന്തെല്ലാം തടസ്സങ്ങളാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) ഏകദേശം 1¼ ഏക്കർ സ്ഥലമാണ് കോതമംഗലം കീരമ്പാറ കുടിവെള്ള പദ്ധതിക്കായി ആവശ്യമായി വരുന്നത്. എന്നാൽ വാട്ടർ അതോറിറ്റി ആവശ്യപ്പെടുന്ന സ്ഥലം ഭൂതത്താൻകെട്ട് ഡാമിന്റെ എഫ്.ആർ.എൽ പരിധിയിൽ വരുമെന്നും സുരക്ഷാ കാരണത്താൽ ഈ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താനുള്ള അനുവാദം നൽകാനാവില്ല എന്നും ചീഫ് എൻജിനീയർ (ഇറിഗേഷൻ പ്രോജക്റ്റ് - 2) അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ ജലസംഭരണിയുടെ നിർമ്മാണത്തിനായി 611 മുടിയിൽ 10 സെന്റ് സ്ഥലവും കിണറിന്റെയും പമ്പ് ഹൗസിന്റെയും നിർമ്മാണത്തിന് ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പുന്നേക്കാട് കാളക്കടവിൽ 10 സെന്റ് സ്ഥലവും പഞ്ചായത്ത് ഏറ്റെടുത്ത് നൽകാനുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി വേഗത്തിൽ പൂർത്തീകരിക്കു വാൻ വിവിധ വകുപ്പുകളുടെ ഏകോപനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) | ജലശുദ്ധീകരണശാലയ്ക്കും മറ്റുമുള്ള അനുയോജ്യമായ സ്ഥലം എത്രയും വേഗത്തിൽ കണ്ടെത്തി നൽകണമെന്ന് കീരമ്പാറ പഞ്ചായത്ത് അധികൃതരോട് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ സമയബന്ധിതമായ നിർമ്മാണം സാധ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണം, ഇറിഗേഷൻ, റവന്യൂ തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (ഡി) | ഇത്തരം പദ്ധതികളുടെ പൂർത്തീകരണത്തിലുള്ള കാലതാമസം മൂലം ഖജനാവിന് ഉണ്ടാകുന്ന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ഡി) | കാലതാമസം മൂലമുള്ള നഷ്ടം കണക്കാക്കിയിട്ടില്ല. |
| (ഇ) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | | പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭ്യമായാൽ രണ്ടുവർഷത്തിനുള്ളിൽ പദ്ധതി പൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

KK/